**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 562** **11-06-2024 - ൽ മറുപടിയ്ക്ക്**

**കെ ഫോൺ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന്റെ ചെലവ് ബജറ്റ് വിഹിതമായി നൽകുമെന്ന പ്രഖ്യാപനം പാലിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഈ ഇനത്തിൽ കൈമാറിയിട്ടുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | പൊതു ജനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകാനും സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് നൽകാനും ലക്ഷ്യമിട്ടുള്ള ഐടി കോർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടായ കെ ഫോൺ നടപ്പാക്കുന്നതിന് 2018-19 മുതൽ നാളിതു വരെ 374.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം മുതൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ കുടുംബങ്ങൾക്ക് സൌജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനായി തുക വകയിരുത്തുന്നുണ്ട്. ആയതിനായി നാളിതുവരെ 40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ കെ ഫോൺ പദ്ധതിയ്ക്കായി 113.9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 16.40 കോടി രൂപ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യ ഇൻറർനെറ്റ് കണക്ടിവിറ്റി നൽകുന്നതിന് വേണ്ടിയാണ് വകയിരുത്തിയിരിക്കുന്നത്. |
| (ബി) | കെ ഫോൺ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും വായ്പ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് വായ്പ നൽകിയിട്ടുള്ളത് ;എത്ര ശതമാനം പലിശ നിരക്കിലാണ് വായ്പ നൽകിയിട്ടുള്ളത് ; തിരിച്ചടവിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എന്നുമുതലാണ് വായ്പ തിരിച്ചടച്ച് തുടങ്ങേണ്ടത് ;വായ്പ തിരിച്ചടവിന് ഇളവ് നൽകിയിട്ടുണ്ടോ; തിരിച്ചടവ് മുടങ്ങിയാൽ ഏത് രീതിയിൽ തുക ഈടാക്കുവാനാണ് ഉദ്ദേശിക്കുന്നത്; എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | കെ ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി 1061.73 കോടി രൂപയുടെ വായ്പയ്ക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. 2023 സെപ്റ്റംബറിൽ വായ്പയുടെ തിരിച്ചടവ് മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന തിരിച്ചടവ് കരാറിൽ KFON Ltd ഉം സർക്കാരും കിഫ്ബിയും ഒപ്പ് വെച്ചിട്ടുണ്ട്. അത് പ്രകാരം പദ്ധതിയുടെ ആദ്യ ഫണ്ട് റിലീസ് തീയതി മുതൽ 60 മാസത്തെ മൊറട്ടോറിയം ഉൾപ്പടെ 11 വർഷത്തെ വായ്പാ തിരിച്ചടവ് കാലാവധിയാണ് നിശ്ചയിച്ചിട്ടുള്ളത്. വായ്പയുടെ പലിശ നിരക്ക് കിഫ്ബിയുടെ ACDB (Average Cost of Domestic Borrowing) പ്രകാരം നിശ്ചയിക്കപ്പെടുന്നതാണ്. കരാർ പ്രകാരം വായ്പയുടെ മൊറട്ടോറിയം 2024 ജൂലൈയിൽ പൂർത്തിയാകുകയും ഒക്ടോബർ 2024 മുതൽ വായ്പ തിരിച്ചടവ് |

| | | | |
|---|---|---|---|
| | | | തുടങ്ങേണ്ടതുമാണ്. നാളിതുവരെ പ്രസ്തുത വായ്പയ്ക്ക് ഇളവ് നൽകിയിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ